**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1073** — **30.11.2018-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസൗകര്യത്തിനും ആരോഗ്യപരിരക്ഷയ്ക്കുമായി എന്തെല്ലാം പരിഗണനയും ആനുകൂല്യങ്ങളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ" പദ്ധതി. ടി പദ്ധതി വഴി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് പൂർത്തിയായിട്ടുണ്ട്. 620 പേർക്ക് എല്ലാവിധ സൗകര്യങ്ങളോടുകൂടി കഴിയാവുന്ന ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.<br>സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്" ആരംഭിച്ചിട്ടുണ്ട്. "ചിയാക്ക"മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പ്രതിവർഷം 15,000/- രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായമടക്കം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകി വരുന്നുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നുണ്ട്.<br>ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് |

ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ.(സാധാ)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.